# പുതിയ കേസ്: നാളെ വാദം കേൾക്കും

കോട്ടയം: മെത്രാൻ തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച് കോട്ടയം സബ് കോടതിയിലുള്ള പുതിയ കേസിന്റെ വാദം നാളെ നടക്കും. അസോസിയേഷൻ അംഗങ്ങളാണ് കേസ് കൊടുത്തിരിക്കുന്നത്.

മെത്രാൻസ്ഥാനാർത്ഥികൾക്കായുള്ള ധ്യാനം ഇന്ന് ദേവലോകത്ത് നടന്നു. മൂന്നു പേരെ പിന്മാറ്റാനുള്ള ശ്രമമുണ്ടാകുമെന്ന് ഭയപ്പെട്ടു വന്ന സ്ഥാനാർത്ഥികൾ ധ്യാനം കൂടി കഞ്ഞിയും കുടിച്ച് ഔദ്യോഗിക സൈറ്റുകാരുടെ ഫോട്ടോയെടുപ്പും കഴിഞ്ഞ് ആശ്വാസത്തോടെ മടങ്ങി.

ധ്യാനത്തിലും പ്രാർത്ഥനയിലും ഇരിക്കണമെന്നും ആരോടും അധികം സംസാരിക്കുക പോലും അരുതെന്നുമുള്ള താക്കീതാണ് സഭാനേതൃത്വം നൽകിയിരിക്കുന്നത്.